**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3309** **08-10-2025 - ൽ മറുപടിയ്ക്ക്**

**കുമ്പളം-തേവര പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുമ്പളം-തേവര പാലം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കുമ്പളം - തേവര പാലം നിർമ്മാണത്തിന് 13.10.2016 തീയതിയിലെ സ.ഉ.(സാധാ) നം. 1496/2016/പി.ഡബ്ല്യൂ.ഡി പ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 12.11.2016 തീയതിയിലെ ഉത്തരവ് പ്രകാരം 97.453 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ 29.12.2020 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 19(1) നോട്ടിഫിക്കേഷൻ 24.06.2025 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി റിപ്പോർട്ട് KCZMA യ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. CRZ ക്ലിയറൻസ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. . |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോയെന്നും; എങ്കിൽ ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നതെന്നും ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്പെഷ്യൽ തഹസീൽദാർ (LA) NH01 കാക്കനാട് ഓഫീസിൽ നടന്നുവരുന്നു. 19(1) നോട്ടിഫിക്കേഷൻ 24.06.2025 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 0.0433 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത പഠനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പാരിസ്ഥിതിക ആഘാത പഠനം നടത്തി അതിന്റെ അന്തിമ റിപ്പോർട്ട് 24.09.2025 തീയതിയിൽ CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി KCZMA യ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നും എന്നത്തേക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സ്ഥലം കൈമാറി ലഭിക്കുകയും, CRZ ക്ലിയറൻസ് ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ